


# നിറവ്

## 2025-26

## ഗവൺമെന്റ് ഹൈസ്കൂൾ കല്ലാർകുട്ടി

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗവൺമെന്റ് ഹൈസ്കൂൾ കല്ലാർകുട്ടി

# ഉള്ളടക്കം


| | |
|---|---|
| 1 | ആമുഖം |
| 2 | വിദ്യാലയകാഴ്ചപ്പാട് |
| 3 | മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ |
| 4 | പൊതുലക്ഷ്യങ്ങൾ |
| 5 | സവിശേഷലക്ഷ്യങ്ങൾ - വിഷയാധിഷ്ഠിതം |
| | ➢ മലയാളം |
| | ➢ ഇംഗ്ലീഷ് |
| | ➢ ഹിന്ദി |
| | ➢ സാമൂഹ്യശാസ്ത്രം |
| | ➢ ജനറൽ സയൻസ് |
| | ➢ ഗണിതം |
| | ➢ ഇൻഫർമേഷൻ ടെക് നോളജി |
| | ➢ കായികം |
| | ➢ കാർഷികം |
| | ➢ കലാ - പ്രവൃത്തിപരിചയം |
| | ➢ ഭിന്നശേഷി വിദ്യാർത്ഥികളുടെ വികസനം |
| 5 | പ്രതീക്ഷിതനേട്ടങ്ങൾ |
| 6 | മോണിറ്ററിംഗ് |
| 7 | ഉപസംഹാരം |

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവൺമെന്റ് ഹൈസ്ക്കൂൾ , കല്ലാർകുട്ടി |
| വിലാസം | : കല്ലാർകുട്ടി പി . ഒ, ഇടുക്കി - 68 |
| ഫോൺ | : 04864274210 |
| സ്കൂൾകോഡ് | : 29047 |
| വിദ്യാഭ്യാസ ജില്ല | : തൊടുപുഴ |
| റവന്യൂജില്ല | : ഇടുക്കി |
| ബി ആർ സി | : അടിമാലി |
| സി ആർ സി | : വെള്ളത്തൂവൽ |
| ഗ്രാമപഞ്ചായത്ത് | : വെള്ളത്തൂവൽ |
| ബ്ലോക്ക് പഞ്ചായത്ത് | : അടിമാലി |
| ജില്ലാപഞ്ചായത്ത് | : ഇടുക്കി |
| നിയമസഭാ മണ്ഡലം | : ദേവികുളം |
| ലോകസഭാ മണ്ഡലം | : ഇടുക്കി |
| താലൂക്ക് | : ദേവികുളം |
| വില്ലേജ് | : വെള്ളത്തൂവൽ |
| ഇ – മെയിൽ വിലാസം | : 29047ghskallarkutty@gmail.com |

# ആമുഖം

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിലെ കത്തിപ്പാറ എന്ന ഗ്രാമത്തിലാണ് വിദ്യാലയം. പ്രകൃതിഭംഗി കനിഞ്ഞരുളിയ ഒരു ഗ്രാമമാണ് കത്തിപ്പാറ. വിദ്യാലയത്തിനടുത്തുള്ള ഒരു ഭീമാകാരമായ പാറയിൽ മഴക്കാലത്ത് ധാരാളം കർക്കിടക പുല്ലുകൾ വളരുന്നു. അത് വേനൽക്കാലത്ത് ചൂടിന്റെ കാഠിന്യം മൂലം കത്തിനശിക്കുന്നു. ഇത് തുടർന്നുകൊണ്ടിരുന്നതിനാൽ അന്നത്തെ നിവാസികൾ ഈ ഗ്രാമത്തിന് കത്തിപ്പാറ എന്ന പേര് നല്കി. വിദ്യാലയ സമീപത്ത് നിന്ന് നോക്കിയാൽ കല്ലാർകുട്ടി ഡാമിന്റെ മനോഹരമായ ദൃശ്യം കാണാവുന്നതാണ്.

ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പരിധിയിലുള്ള വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ ഹൈസ്കൂൾ പഠനത്തിനുള്ള പ്രധാന കേന്ദ്രമാണ് ഗവ ഹൈസ്കൂൾ കല്ലാർകുട്ടി. പഞ്ചായത്തിലെ 15- ാം വാർഡിൽ കത്തിപ്പാറയിലാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്.1955 - ൽ KSEB ജീവനക്കാരുടെ കുട്ടികൾക്ക് പഠിക്കാൻ എൽ പി സ്കൂളായി തുടങ്ങിയ ഈ വിദ്യാലയം 1957- ൽ ഗവൺമെന്റിന് കൈമാറി. 1961- ൽ യു പി സ്കൂളായും 1980 - ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. ആദ്യകാലത്ത് ധാരാളം കുട്ടികൾ ഉണ്ടായിരുന്നുവെങ്കിലും സമീപ പ്രദേശങ്ങളിൽ എയ്ഡഡ് , അൺ - എയ്ഡഡ് വിദ്യാലയങ്ങൾ വന്നതോടുകൂടി കുട്ടികളുടെ എണ്ണം കുറയുവാൻ തുടങ്ങി. ഇപ്പോൾ ഒന്നു മുതൽ പത്ത് വരെ ഓരോ ഡിവിഷനുകൾ മാത്രമായി തീർന്നിരിക്കുന്നു. സ്കൂളിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനുള്ള തീവ്രപരിശ്രമത്തിലാണ് ഇന്ന് അധ്യാപകരും, പിറ്റിഎ യും, SMC യും, SMDC യും, പൊതുസമൂഹവും. വൈവിധ്യപൂർണ്ണമായ ഭൗതിക അക്കാദമിക രംഗങ്ങളിലെ പ്രവർത്തനങ്ങളിലൂടെ ഈ വിദ്യാലയത്തിന് ഐശ്വര്യസമ്പൂർണ്ണമായ ഭാവി പ്രതീക്ഷിക്കുന്നു. നിരവധി പ്രമുഖർ സ്കൂളിന്റെ ആദ്യകാല പ്രവർത്തനങ്ങളിൽ സജീവസാന്നിധ്യമായിരുന്നു. നാടിനകത്തും പുറത്തുമായി പലനിലകളിൽ പ്രശസ്തരായ നിരവധി പേർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്. കാർഷിക മേഖലയിലും, പിന്നോക്ക മേഖലയിലുമുള്ള കൂലിപ്പണിക്കാരുടെ മക്കളാണ് ഇവിടെ പഠിക്കുന്നത്. നല്ലൊരു ഭാഗം കുട്ടികളുടെയും കുടുംബപശ്ചാത്തലം പഠനത്തിന് അനുകൂലമല്ലാത്ത സാഹചര്യം സൃഷ്ടിക്കുന്നു.

<u>അക്കാദമിക നേട്ടങ്ങൾ</u>

നിരവധി വർഷങ്ങളിലായി വിദ്യാലയം കൈവരിച്ചു കൊണ്ടിരിക്കുന്ന നേട്ടങ്ങൾ അനവധിയാണ്. നിരവധി പ്രമുഖർ സ്കൂളിന്റെ ആദ്യകാല പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായിരുന്നു. നാടിന് അകത്തും പുറത്തുമായി പലനിലകളിൽ പ്രശസ്തരായ നിരവധി പേർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ ആണ്. റെഡ് ക്രോസ് ,ലിറ്റിൽ കൈറ്റ്സ്, സ്കൂൾ സോഷ്യൽ സർവീസ് സ്കീം, ക്രിയേറ്റീവ് കോർണർ,സയൻസ് ലാബ്,ഇന്ററാക്ടീവ് ബോർഡ്, സയൻസ് പാർക്ക്, മോഡൽ ഇൻക്ലൂസീവ് പ്രോജക്ട്, എസ് എസ് എൽ സി പരീക്ഷയിൽ കഴിഞ്ഞ **16** വർഷമായി **100%** വിജയം എന്നിങ്ങനെയുള്ള ചരിത്ര നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് ഗവൺമെന്റ് എച്ച് എസ് കല്ലാർകുട്ടി ജൈത്രയാത്ര തുടരുന്നു.

<u>പരിമിതികൾ</u>

നേട്ടങ്ങൾ കൈവരിക്കുന്നുണ്ടെങ്കിലും ഒട്ടേറെ പരിമിതികൾ സ്കൂളിനുണ്ട്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഗ്രാമീണമേഖലയിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരും ഭിന്നശേഷിക്കാരുമായ കുട്ടികൾ നമ്മുടെ വിദ്യാലയത്തിൽ ഉണ്ട്. അത്തരക്കാരെ പ്രത്യേക പരിശീലനത്തിലൂടെ മുന്നിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. മാത്രമല്ല വിവിധ മത്സര പരീക്ഷകളിൽ മികവാർന്ന വിജയം കൈവരിക്കുന്നതിന് കഴിവുള്ള പ്രതിഭാസമ്പന്നരായ വിദ്യാർഥികളും നമ്മുടെ വിദ്യാലയത്തിൽ ഉണ്ട്. അത്തരം കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ലഭ്യമാകുന്നില്ല. കലാകായിക പ്രവൃത്തി പരിചയം മേഖലകളിൽ കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകേണ്ടതുണ്ട്. കായിക പരിശീലനത്തിനായി സ്ഥിരമായ ഒരു അധ്യാപകന്റെ അഭാവം, പ്ലേ ഗ്രൗണ്ട് എന്നിവ ആവശ്യമാണ്. പ്രൈമറി ക്ലാസുകളിൽ കമ്പ്യൂട്ടർ പഠന സാമഗ്രികളുടെ അപര്യാപ്തതയുണ്ട്.

# <u>വിദ്യാലയ കാഴ്ചപ്പാട്</u>

***<u>വിദ്യാലയം മികവിന്റെ കേന്ദ്രം</u>***

> **One Child One Teacher One Pen and One Book can change the world** എന്ന മലാല യൂസഫിന്റെ കാഴ്ചപ്പാടും, മോചനമരുളുന്നതെന്തോ അതാണ് വിദ്യാലയം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തിനെ പുതുക്കിപ്പണിയുക

> പാഠ- പാഠാനുബന്ധ  പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

> പിന്നെ ശേഷിക്കാർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ

> പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനും ദയ ശുചിത്വം എന്നീ മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിൽ വളർത്തിയെടുക്കുന്നതിനും വിദ്യാലയ അ ന്തരീക്ഷം ഒരുക്കൽ

***<u>പൂർണ്ണ വിദ്യാഭ്യാസത്തെ കുറിച്ചുള്ള കാഴ്ചപ്പാട്</u>***

> അക്കാദമി കവിതയിലൂടെ വിദ്യാലയ മികവ് എന്ന മുദ്രാവാക്യം ലക്ഷ്യമാക്കി കുട്ടികളുടെ വികസനത്തിനു വേണ്ട പഠനന്തരീക്ഷം വിദ്യാലയം സംജാതമാകും. ഓരോ ക്ലാസിലെയും വിദ്യാർത്ഥികൾ ആർജിക്കേണ്ട നൈപുണികൾ അതാത് ക്ലാസിൽ തന്നെ ആർജിക്കും.

> ഓരോ വിദ്യാർത്ഥിയും അവരവരുടെ   കഴിവിന്റെ പരമാവധി എത്തിച്ചേരും.

> >  ലോകത്തെമ്പാടു മുള്ള നിശ്ചിത പ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവുള്ള വിദ്യാർത്ഥികൾ നമ്മുടെ വിദ്യാലയത്തിൽ ഉണ്ടാകും.

- മലയാളം , ഇംഗ്ലീഷ് , ഹിന്ദി എന്നീ ഭാഷകളിൽ പ്രാവീണ്യവും ആശയ വിനിമയ ശേഷിയും ജീവിത നൈപുണികളും വിദ്യാർത്ഥികൾ കൈവരിക്കും .
- വായനാശീലം വളർത്തും .
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികപരവുമായ കഴിവുകൾ പരിപോഷിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കും .

## പഠനത്തെയും വിലയിരുത്തലിനെയും കുറിച്ചുള്ള കാഴ്ചപ്പാട്

- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനുമുള്ള തുല്യ അവസരങ്ങൾ നൽകും .
- സ്വയം പഠനവും കൂട്ടായപഠനവും പഠനപ്രക്രിയയുടെ ഭാഗമാക്കും .
- വിലയിരുത്തൽ പഠനത്തിന്റെ ഭാഗമാക്കുന്നതിലൂടെ പഠന – ബോധന പ്രക്രിയകൾ വിലയിരുത്തി പോരായ്മകൾ പരിഹരിക്കും .
- പഠനത്തിന്റെ ഓരോ ഘട്ടത്തിലും നിശ്ചിത നൈപുണികൾ ആർജിച്ചിട്ടുണ്ടോ എന്നറിയുന്നതിന് നിരന്തരവിലയിരുത്തൽ പ്രക്രിയ നടപ്പിലാക്കും .
- അധ്യാപകർക്കും സ്വയം വിലയിരുത്തൽ പ്രക്രിയ നടപ്പിലാക്കും .

## പാരിസ്ഥിതിക അവബോധത്തെ കുറിച്ചുള്ള കാഴ്ചപ്പാട്

- പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കിമാറ്റുന്നതിനായി പഠനത്തിൽ പരിസരസാധ്യതകൾ പ്രയോജനപ്പെടുത്തുകയും , സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകവഴി ഒരു ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുകയും ചെയ്യും .

➢ പരിസ്ഥിതി സൗഹൃദ നിലപാട് കുട്ടികളിൽ വളർത്തുന്നതോടൊപ്പം കാർഷിക സംസ്കാരം നിലനിർത്തുകയും ചെയ്യും .

## പെൺകുട്ടികളുടെ പദവിയും അവസരതുല്യതയും സംബന്ധിച്ച കാഴ്ച്ചപ്പാട്

➢ സ്ത്രീപുരുഷ പദവിയും തുല്യതയും സംബന്ധിച്ച് ഉയർന്ന ധാരണയുടെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കുന്നവരും പെരുമാറുന്നവരുമായിരിക്കും ഈ വിദ്യാലയത്തിലെ കുട്ടികളും അധ്യാപകരും.

➢ വിദ്യാലയത്തിലെ എല്ലാവിധ അനുഭവങ്ങളും ആൺപെൺ വിവേചനമില്ലാത്തതും അവസരതുല്യത ഉറപ്പാക്കുന്നതുമായിരിക്കും.

➢ പെൺസൗഹൃദസമീപനം എല്ലാ പ്രവർത്തനങ്ങളിലും പ്രതിഫലിക്കും.

## പാർശ്വവൽക്കരിക്കപ്പെട്ടവരുടെ മക്കളുടെ പഠനപിന്തുണ സംബന്ധിച്ച കാഴ്ച്ചപ്പാട്

➢ സ്ത്രീ പുരുഷ പദവിയും തുല്യതയും സംബന്ധിച്ച് ഉയർന്ന ധാരണയുടെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കുന്നവരും പെരുമാറുന്നവരുമായിരിക്കും ഈ വിദ്യാലയത്തിലെ കുട്ടികളും അധ്യാപകരും എല്ലാവിധ അനുഭവങ്ങളും ആൺ പെൺ വിവേചനമില്ലാത്തതും അവസര തുല്യത ഉറപ്പാക്കുന്നതുമായിരിക്കും .

➢ പെൺ സൗഹൃദ സമീപനം എല്ലാ പ്രവർത്തനങ്ങളിലും പ്രതിഫലിക്കും .

➢ വ്യത്യസ്ത സാമൂഹിക – സാമ്പത്തിക സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് പഠനവേഗതയിലും ബൗദ്ധിക നിലവാരത്തിലും ഉതകുന്ന പ്രവർത്തനങ്ങൾ

നൽകുക വഴി മറ്റു കുട്ടികൾക്കും സമാനമായ നിലയിൽ എത്തിച്ചേരാൻ കഴിയും .

- പാർശ്വവൽക്കരിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വിദ്യാലയം പ്രാധാന്യം നൽകും .

## പ്രത്യേക പരിഗണന അർഹിക്കുന്നവരോടുള്ള വിദ്യാലയ സമീപനം

- ഭിന്നശേഷിക്കാർക്ക് നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രത്യേക പരിശീലനം നൽകും
- തൊഴിൽ പരിശീലനവും നൽകി സമൂഹത്തിൽ ജീവിക്കുന്നതിന് പ്രാപ്തരാക്കും .

## രക്ഷിതാക്കളുടെ അക്കാദമിക പ്രവർത്തന പിന്തുണ സംബന്ധിച്ച കാഴ്ചപ്പാട്

- സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക വഴി പഠന ബോധന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി മികച്ച പഠന നേട്ടങ്ങൾ കൈവരിക്കുന്ന ഒരു ജനകീയ കൂട്ടായ്മയോടുകൂടി പ്രവർത്തിക്കുന്ന ഒരു വിദ്യാലയമായി നമ്മുടെ വിദ്യാലയം മാറും .

## കുട്ടികളുടെ ശാരീരിക മാനസിക വൈകാരിക ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാഴ്ചപ്പാട്

- കലാകായിക പരിശീലനങ്ങളുടെയും മാനസികാരോഗ്യ പദ്ധതികളിലൂടെയും ശരിയായ വൈകാരിക മാനസ്സിക ശാരീരിക ആരോഗ്യം കൈവരിച്ചവരായിരിക്കും മുഴവൻ വിദ്യാർത്ഥികളും .

➢ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നവരായിരിക്കും .പോഷകസമൃദ്ധമായ ഉച്ചഭക്ഷണ പരിപാടികളിലൂടെ വിദ്യാർത്ഥികളെ പൂർണ്ണ ആരോഗ്യമുള്ളവരാക്കും .

## വിദ്യാർത്ഥിയും സമൂഹവും

➢ പഠന ബോധന പ്രവർത്തനങ്ങളിലൂടെയും സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും കുട്ടികൾ നേടുന്ന അറിവും കഴിവും ഉപയോഗിച്ച് നിത്യജീവിതത്തിലെ സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ പ്രാപ്തരായ വിദ്യാർത്ഥികളെ സൃഷ്ടിക്കും .

## അധ്യാപക ശാക്തീകരണം സംബന്ധിച്ച കാഴ്ചപ്പാട്

➢ ഡിജിറ്റൽ പഠന വിഭവങ്ങൾ ഉപയോഗിക്കുന്നതിനും ആധുനിക ബോധന സങ്കേതങ്ങൾ പ്രാവർത്തികമാക്കുന്നതിനും പരിശീലനം നേടിയവരായിരിക്കും അധ്യാപകർ .

## ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗവും നിലവാരവും സംബന്ധിച്ച കാഴ്ചപ്പാട്

➢ ഐ ടി അധിഷ്ഠിത സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കണ്ടും കേട്ടും പ്രവർത്തിച്ചും പഠിക്കുന്നതിനുള്ള പഠന ബോധന രീതികളും പഠനോപാധികളും വിവര സാങ്കേതിക വിദ്യാ സങ്കേതങ്ങളും ലഭ്യമാക്കും പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുകയും അങ്ങനെ ലോകോത്തര മാതൃകയിൽ ഉന്നത നിലവാരത്തിലുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുകയും ചെയ്യും .

## മതേതര ജനാധിപത്യ സംസ്ക്കാരത്തിൽ അധിഷ്ഠിതമായ മൂല്യബോധം സംബന്ധിച്ച കാഴ്ചപ്പാട്

➢ മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കുന്നതിനാവശ്യമായ മൂല്യബോധം

സിദ്ധിച്ചവരായിരിക്കും വിദ്യാർത്ഥികൾ .

- മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവനത്തിന് ആവശ്യമായ അറിവും ആത്മവിശ്വാസവും ആർജിച്ച മതനിരപേക്ഷ ജനാധിപത്യ ബോധം , തുല്യ സഹവർത്തിത്വം , സഹകരണം ,അനുതാപം തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന്റെ വളർച്ചയ്ക്കാവശ്യമായ മൂല്യബോധങ്ങൾ നേടിയവരായിരിക്കും വിദ്യാർത്ഥികൾ.

# പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

1. എസ് ആർ ജി യോഗത്തിൽ കല്ലാർകുട്ടി സ്കൂൾ വിഷൻ എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും .

2. ക്ലാസ്സ് , വിഷയം എന്നിവയുടെ അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

3. PTA, MPTA , SMC എന്നിവയുടെ നേതൃത്വത്തിൽക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

# മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

## അക്കാദമികം

- ✗ ഭാഷാശേഷി വികസനം
- ✗ ഗണിതശേഷി വികസനം
- ✗ ഇംഗ്ലീഷ് പഠന പരിപോഷണം
- ✗ ശാസ്ത്ര പോഷണ പരിപാടി
- ✗ വായനാ പോഷണം
- ✗ ലൈബ്രറി നവീകരണം
- ✗ ലബോറട്ടറി ആധുനികവത്ക്കരിക്കൽ
- ✗ ജൈവവൈവിധ്യപാർക്ക്
- ✗ ഒന്നാം ക്ലാസ്സ് ഒന്നാംതരം
- ✗ പഠനയാത്രകൾ
- ✗ ക്ലാസ്സ് പിറ്റിഎ സജീവമാക്കൽ
- ✗ ശാസ്ത്രാഭിരുചി വളർത്തൽ
- ✗ കലാ – കായിക മേള
- ✗ പച്ചക്കറിത്തോട്ടം
- ✗ എസ് ആർ ജി ശാക്തീകരണം
- ✗ പ്രവൃത്തി പഠന പരിചയം
- ✗ ഗണിത ലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ

# പൊതുലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളുടെയും എല്ലാ വൈഭവങ്ങളും അതിന്റെ പൂർണ്ണതയിലേക്ക് വികസിപ്പിക്കുക.
- കരിക്കുലം ലഭ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക.
- മതേതര ജനാധിപത്യബോധമുള്ള പൗരൻമാരെ സൃഷ്ടിക്കുക.
- മികച്ച ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കുക.
- മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ് , ഹിന്ദി എന്നീ ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കുക
- ആരോഗ്യകരമായ സ്ത്രീപുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെ കുറിച്ചും ലിംഗ സമത്വത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ രൂപപ്പെടുത്തുക.
- സംഘപഠനമുൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗങ്ങളിലൂടെ ആർജ്ജിക്കുന്ന അറിവുകളെയും കഴിവുകളെയും വ്യക്തിഗതമായി വിലയിരുത്തുന്ന രീതി അവലംബിക്കുക.
- കുട്ടികളിൽ പരസ്പരാശ്രയത്വത്തിന്റെയും സൗഹൃദത്തിന്റെയും മനോഭാവം വളർത്തുക.
- തുടർച്ചയായതും സമഗ്രവുമായ , മൂല്യനിർണ്ണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യഘടകമാക്കി മാറ്റുക.
- പഠനത്തിൽ പരിസരസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി സ്കൂൾ ക്യാപസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും അതിന്റെ ഭാഗമായി സ്കൂൾ ക്യാമ്പസിനെ ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുകയും ചെയ്യുക.

മേഖല- അക്കാദമികം വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ എച്ച് എസ് മലയാളം

| ക്രമ നമ്പർ | പ്രവർത്തനം | ധന വിനിയോഗം | നടത്തിപ്പ് ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| 1 | പഠനനിലവാരം കണ്ടെത്തൽ പ്രീ ടെസ്റ്റ്,മാർക്ക് വിശകലനം, മികവുകളും പരിമിതികളും കണ്ടെത്തുന്നു. ഐസിടി സാധ്യത പ്രയോജനപ്പെടുത്തുന്നു. പഠന പിന്തുണ നൽകുന്നു | 500/- | മലയാളം അധ്യാപിക ബി ആർ സി പിടിഎ | ജൂൺ | കുട്ടികൾ മലയാള ഭാഷ ഫലപ്രദമായി ഉപയോഗിക്കാനുള്ള ശേഷി വികസിപ്പിക്കുന്നു. |
| 2 | പഠന പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് ശേഖരിക്കാൻ തയ്യാറാക്കൽ. വായന മത്സരം,സാഹിത്യ ക്വിസ് മത്സരം, എന്റെ മലയാളം പദ്ധതി. | 1000/- | മലയാളം അധ്യാപിക എച്ച് എം,പിടിഎ, ബി ആർ സി | ജൂലൈ | അക്ഷരജ്ഞാനം നേടി പാഠഭാഗങ്ങൾ വായിക്കാനും എഴുതാനും ശേഷി നേടുന്നു |
| 3 | പകർത്തിയെഴുത്ത് പത്രവായന, കേട്ടെഴുത്ത്, | 500/- | മലയാളം അധ്യാപിക, ബി ആർ സി | ആഗസ്റ്റ് | മാതൃഭാഷയുടെ അനന്തസാധ്യ |

| | | | | | |
|---|---|---|---|---|---|
| | പഠന വിടവ് പരിഹരിക്കൽ | | | | തകളും, വിവിധ സാഹിത്യ പ്രസ്ഥാനങ്ങൾ , എഴുത്തുകാർ എന്നിവരെ മനസ്സിലാക്കുന്നു. |
| 4 | പുസ്തകശാല -ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പുസ്തകങ്ങൾ, കഥ, കവിത, നാടകം, സിനിമ ഉപന്യാസം തുടങ്ങി വിവിധ വിഷയങ്ങൾ മനസ്സിലാക്കുന്നു. രചനകൾ എന്നിവ നിർവഹിക്കുന്നു. | 5000/- | മലയാളം അധ്യാപിക, പ്രധാന അധ്യാപിക, പി ടി എ, ബി ആർ സി | ജൂലൈ മുതൽ ഫെബ്രുവരി വരെ | ആവിഷ്കാര ശേഷി നേടുന്ന ലൈബ്രറിയിലെ വിവിധ പുസ്തകങ്ങൾ പരിചയപ്പെടുന്ന മനസ്സിലാക്കുന്ന |
| 5 | സാഹിത്യ ശില്പശാല, കഥ അരങ്ങ്, കവിതയരങ്ങ്, ക്ലബ്ബ് പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ | 5000/- | മലയാളം അധ്യാപിക, ബി ആർ സി, ക്ലബ്ബ് - വിദ്യാരംഗം എച്ച് എം | ജൂലൈ മുതൽ ഫെബ്രുവരി വരെ | സർഗ്ഗാത്മക സൃഷ്ടികൾ ആവിഷ്കാര കഴിവുകൾ പ്രദർശിപ്പിക്കുന്നു. |
| 6 | പതിപ്പുകൾ, ആസ്വാദനക്കുറിപ്പ്, കഥാപാത്ര നിരൂപണം, സംവാദം, പ്രഭാഷണം, എഡിറ്റോറിയൽ, | 500/- | മലയാളം അധ്യാപിക, ബി ആർ സി | ജൂൺ മുതൽ ഫെബ്രുവരി വരെ | മലയാളഭാഷയിലെ വാക്യപ്രയോഗങ്ങൾ, ചമൽകാരഭംഗി മനസ്സിലാക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | ആത്മകഥ, കുറിപ്പുകൾ വിലയിരുത്തൽ | | | | പ്രശോഭിക്കുന്ന പ്രതിഭകളെ കണ്ടെത്തുന്നു ഭാഷാശേഷി വികസിപ്പിക്കുന്നു. |
| 7 | മൂല്യനിർണയങ്ങൾ, യൂണിറ്റ് ടെസ്റ്റുകൾ, മിഡ്- term പരീക്ഷ, term എക്സാമുകൾ, വാർഷിക പരീക്ഷ, മൂല്യനിർണയം ക്ലാസ് പിടിഎ വിലയിരുത്തൽ. | 500/- | മലയാളം അധ്യാപിക ബിആർസി പിടിഎ,എസ് എസ് കെ | ജൂൺ മാർച്ച് | പരീക്ഷ പരിശീലനങ്ങളിലൂടെ മികവ് കണ്ടെത്തുന്നു. പഠന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കുന്നു. |
| 8 | ചുമർ പത്രിക, വായനാ കാർഡ്,കൊളാഷ്, സ്കൂൾപത്രം, എന്നിവ തയ്യാറാക്കുന്നു. | 500/- | മലയാളം അധ്യാപിക എച് എം ബി ആർ സി പി ടി എ | ജൂൺ മുതൽ മാർച്ച് വരെ | കുട്ടികളുടെ വിവിധ രചനങ്ങളിലൂടെ വിവിധ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നു. പ്രതിഭകളെ വളർത്തിയെടുക്കുന്നു. |
| 9 | സാഹിത്യകാരന്മാരെ ക്ഷണിക്കുന്നു. സ്കൂൾ ബ്ലോഗ് രൂപീകരിച്ച കുട്ടികളുടെ വിവിധ പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നു. | 5000/- | മലയാളം അധ്യാപിക എച് എം ബി ആർ സി പി ടി എ | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്,പഞ്ചായത്ത് ഭരണസമിതി, പിടിഎ പ്രതിനിധികൾ എന്നിവരുടെ സഹായത്താ |

| | | | | | |
|---|---|---|---|---|---|
| | | | | | ൽ സാഹിത്യകാരന്മാരെ ക്ഷണിക്കുന്ന അഭിമുഖങ്ങൾ നടത്തുന്നു. |

- അക്കാദമിക മാസ്റ്റർ പ്ലാൻ യുപി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം | എന്റെ അവധിക്കാലം പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ( കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ് ) അവതരിപ്പിക്കുന്നു | ജൂൺ | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| പഠിതാവിൽ അർഥപൂർണമായ വായന ഉറപ്പുവരുത്തുക | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ചു അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | അക്കാദമിക വർഷം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | അക്കാദമിക വർഷം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| കൃതികളിലെ ആശയം യുക്തിപൂർവ്വം വിശകലനം ചെയ്ത് സ്വന്തം അഭിപ്രായങ്ങൾ പറഞ്ഞു എഴുതിയും അവതരിപ്പിക്കുക | അനുഭവക്കുറിപ്പ്, വർണ്ണന,കവിത, ശീർഷക വിശകലനം,വിശകലനം കുറിപ്പ്,ചർച്ചാക്കുറിപ്പ്,താരതമ്യക്കുറിപ്പ് | അക്കാദമിക വർഷം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| തീവ്രമായ ജീവിതാനുഭവങ്ങളെ വൈകാരികമായ ഭാഷയിൽ പുതുമയോടെ ആവിഷ്കരിക്കുക | അനുഭവം പറയൽ,അനുഭവക്കുറിപ്പ്,കത്ത്,വർണ്ണന,യാത്രാവിവരണം | അക്കാദമിക വർഷം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |

മേഖല : ഹൈസ്ക്കൂൾ ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | English assembly നടത്തുന്നു. English കാർട്ടൂൺ പ്രദർശിപ്പിക്കുന്നു. Spoken English ക്ലാസുകൾ നടത്തുന്നു. English ലൈബ്രറി നവീകരണം. ~~Story time~~ English കോർണറിലെ പുസ്തകങ്ങൾ വായിക്കുന്നു | ക്ലാസ്സ്റൂം പ്രവത്തനങ്ങളോടൊപ്പം | English teacher | PTA English club |
| ദൃശ്യ വിഷ്കാരം : ഇംഗ്ലീഷിൽഉള്ള ആവിഷ്കരങ്ങൾക്ക് അവസരം ഒരുക്കുക. | സിനിമ, ഡോക്യുമെന്ററി, പ്രൊഫൈൽ, സ്ക്രിപ്റ്റ് എന്നിവ തയ്യാറാക്കുന്നതിനു വേണ്ടി English സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | English teacher<br>English club | PTA |
| 3. English വോയിസ് സ്വതന്ത്ര വായനക്ക് സജ്ജരാക്കുക. സ്വതന്ത്ര മായ എഴുത്തിന് സജ്ജരാക്കുക. | Role play, ഇംഗ്ലീഷ് ദിന ചരണം, സെമിനാർ, ചർച്ചകൾ.,പ്രശസ്ത രായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്തു choreography തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നു | ക്ലാസ്സ്റൂം പ്രവത്തനങ്ങളോടൊപ്പം | English club | PTA,English club |
| നാടകീ കരണം | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു അക്ഷര കാർഡ്, പദ കാർഡ്, വാക്യനിർമാണത്തിനുള്ള കാർഡുകൾ, | ക്ലാസ്സ്റൂം പ്രവത്തനങ്ങളോടൊപ്പം | PTA ,SRG | PTA,SRG |

| | | | | |
|---|---|---|---|---|
| | ചിത്രവായന public speaking പത്രവായന, ലഘു കഥ നിർമാണം,, പദ സംബാദനം, എന്റെ ഡയറി, പത്ര വായന മത്സരങ്ങൾ. | | | |
| കവിതാലാപന ത്തിനും കവിത രചനക്കും പ്രാപ്തരക്കുക | English ഓഡിയോ കേൾക്കാനുള്ള അവസരം. കവിതാരചന, ആലാപന മത്സരങ്ങൾ, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, book reviews. | ക്ലാസ്സ്റൂം പ്രവർത്തനങ്ങളോ ടൊപ്പം | English club | English club |
| സാങ്കേതിക വിദ്യ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ പ്രകടനത്തിനു പ്രയോജനപെടു ത്തുക. | English ഫെസ്റ്റ്, English film കാണാനുള്ള അവസരം. | അക്കാദമിക വർഷം | PTA ,SRG | PTA |
| സംവാദ സദസുകൾ സംഘടിപ്പിക്കുക . | Native speakers മൊത്ത് സമയം ചില വഴിക്കാനും സംവദിക്കാനും സന്ദർഭമൊരുക്കു ന്നു. | അക്കാദമിക വർഷം | PTA ,SRG | PTA |

**UP ENGLISH**

| Aim | Activities | Month | Responsible person | Economic Source |
|---|---|---|---|---|
| To encourage **listening and speaking** | Interactive story telling sessions to enhance listening skill.<br><br>Role plays to improve speaking skill.<br><br>Vocabulary games and exercises to build wordknowledge.<br><br>Listen audio stories. | June | English teacher | English club |
| To encourage **reading.** Develop basic reading and writing skills. | Divide the students to small groups and provide them with appropriate text such as story books and novels.<br><br>Each group reads the assigned text together and encourage students to take turns reading aloud.<br><br>Then each group presented the summary. | August to December | English teacher | English club |
| To develop **writing skills** To develop basic grammar rules. | Improve the sentence structure.<br><br>practice for simple creative | January to<br><br>February | English teacher | English club |

| | | | |
|---|---|---|---|
| | | എഴുതാൻ പറയുന്നു.വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ ഉണ്ടാക്കുന്നു. | |
| 3 | ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥകൾ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ മുതൽ ജനുവരി വരെ |
| **ഒമ്പതാം തരം** | | | |
| | ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു അക്ഷരങ്ങൾ എഴുതി വാക്കുകൾ വായിപ്പിക്കുകയും എഴുതിക്കുകയും ചെയ്യുന്നു. | ജൂൺ ജൂലൈ |
| | നാമം,സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കി കൊടുക്കുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ | പാഠഭാഗത്തിലെ സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്തുന്നു.സൂച | ഓഗസ്റ്റ് സെപ്റ്റംബർ |

| | | | |
|---|---|---|---|
| | എഴുതിപ്പിക്കുന്നു. പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു. | ന ബോർഡുകൾ ക്ലാസിൽ എഴുതി പ്രദർശിപ്പിക്കുവാൻ പറയുന്നു. | |
| | കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച മൂല്യനിർണയം നടത്തുന്നു. കവിതകൾ നൽകി ആസ്വാദനക്കുറിപ്പ് തയ്യാറാക്കിക്കുന്നു. | ഡിസംബർ നവംബർ |

## പത്താം ക്ലാസ്

| | | | |
|---|---|---|---|
| | രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥവായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ ജൂലൈ |
| | മാതൃഭാഷ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, കവിതകൾ, നോവലുകൾ, സിനിമകൾ, എന്നി | ഒരു വർഷം |

| | | | |
|---|---|---|---|
| | | വി കാണാൻ അവസരം നൽകുന്നു. | |

# അക്കാദമി മാസ്റ്റർ പ്ലാൻ യുപി വിഭാഗം  ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | 5, 6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാം ക്ലാസ് മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ച് എടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് പ്രൊജക്ടറിൽ കാണിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |
| 2 | ഹിന്ദി വായന. തെറ്റുകൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. ഹിന്ദി ചിത്രകഥകൾ വായിച്ചു കേൾപ്പിച്ചും വായനയിലേക്ക് ആകർഷിപ്പിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |
| 3 | ഹിന്ദി സംസാരം. ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്ന ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷപരിചയപ്പെടുത്തും. | അവരുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ പറയാൻ പഠിപ്പിക്കും. അങ്ങനെ ഹിന്ദിയിൽ സംസാരിപ്പിക്കാൻ പ്രേരിപ്പിക്കും. വായനയ്ക്ക്............ അധ്യാപകൻ തെറ്റിച്ച് വായിക്കും എന്നിട്ട് കുട്ടികളെക്കൊണ്ട് തിരുത്തിച്ച് ശരിയായി വായിപ്പിക്കും. റെഡി ഫൈറ്റ് മത്സര വായന തെറ്റാതെ, ആവർത്തിക്കാതെ, കൂടുതൽ വരി വായിക്കുന്ന കുട്ടിക്ക്  സമ്മാനം. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |

# മേഖല-ഹൈസ്കൂൾ-സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക.,ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br><br>സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്ന നിശ്ചയിച്ച തീയ്യതികളിൽ. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2)ജനാധിപത്യം ഒരു ജീവിതശൈലിയാക്കി എടുക്കുക.പൗരബോധം ,മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ്,മോക്ക് പാർലമെന്റ്,പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപക | സ്കൂൾ, കുട്ടികൾ,സുമനസുകൾ |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണയം നടത്താൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. അറ്റ്ലസ് മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപക | |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ ദിനാചരണങ്ങൾ, പ്രശ്നോത്തരികൾ എന്നിവയെ കുറിച്ച് ധാരണ നൽകൽ. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപക | |

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 -26 യു.പി സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | പഠിതാവിന്റെ അടിസ്ഥാന അറിവുകൾ പരീക്ഷിക്കുവാൻ ചോദ്യോത്തര പരിപാടികൾ, കളികൾഎന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷ ആരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും, ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്ര അവബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ,വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു.സ്കൂളിൽ തിരഞ്ഞെടുപ്പ് പ്രക്രിയ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങൾ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകരമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും ഫയർഫോഴ്സ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡിമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | പിടിഎ |

HS science

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള കഴിവ് ലഭിക്കുന്നതിന്.ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി നേടുന്നതിന്. | സയൻസ് ലാബിലും ചുറ്റുപാടിലും ലഭ്യമായ സാമഗ്രികൾ ഉപയോഗിച്ച് ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ | ജൂൺ-മാർച്ച് | ശാസ്ത്ര അധ്യാപിക,സയൻസ് ക്ലബ്ബ് |
| 2 | ശാസ്ത്രീയ മനോഭാവം,സഹകരണബോധം ഇവ വളർത്തുക | സയൻസ് ലാബ് നവീകരണം.സാധനസാമഗ്രികൾ അടുക്കി ചിട്ടയായി ക്രമീകരിക്കുന്നു. | ജൂൺ,ജൂലൈ | ശാസ്ത്ര അധ്യാപിക,സയൻസ് ക്ലബ്ബ് |
| 3 | ശാസ്ത്രജ്ഞരെ പരിചയപ്പെടുകയും ശാസ്ത്ര അഭിമുഖ്യം വളർത്തുകയും ചെയ്യുക | ശാസ്ത്രജ്ഞരു മായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കുകയും ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു.ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ ശേഖരിക്കുന്നു. | ജൂൺ -ഫെബ്രുവരി | ശാസ്ത്ര അധ്യാപിക,ലൈബ്രറി,സയൻസ് ക്ലബ് |
| 4 | പ്രകൃതി സംരക്ഷണ മനോഭാവം വളർത്തുന്നു | ജൈവവൈവിധ്യ പാർക്ക് നവീകരണം.പ്രകൃതി, നടത്തം ഹെർബേറിയം തയ്യാറാക്കൽ,ഔഷധത്തോട്ട നിർമ്മാണം. | ജൂലൈ-മാർച്ച് | എക്കോ ക്ലബ്ബ് |
| 5 | ശാസ്ത്രീയ അറിവുകൾ ശേഖരിക്കുന്നു | ശാസ്ത്ര മാഗ സിൻ തയ്യാറാക്കൽ | ഓഗസ്റ്റ് -ഒക്ടോബർ | സയൻസ് ക്ലബ് |
| 6 | ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനും ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും | ശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ വിവിധ മോഡലുകൾ ഇവ നിർമ്മി ക്കുന്നു. | ആഗസ്റ്റ് -നവംബർ | ശാസ്ത്ര അധ്യാപിക |
| 7 | ശാസ്ത്ര താൽപര്യം വളർത്തുന്നതിന്. | ശാസ്ത്ര ദിനാചരണങ്ങളുടെ ഭാഗമായി പോസ്റ്റർ, ക്വിസ്, പതിപ്പ്,സ്പെഷ്യൽ അസംബ്ലി ഇവ നടത്തുന്നു | ജൂൺ -ഫെബ്രുവരി | ശാസ്ത്ര അധ്യാപിക ക്ലബ്ബുകൾ |
| 8 | ശാസ്ത്രീയ മനോഭാവം,മൂല്യങ്ങൾ ഇവ വളർത്തുന്നു. | ലഘുവായ ശാസ്ത്രീയ ഉപകരണങ്ങൾ നിർമ്മിക്കൽ | സെപ്റ്റംബർ -ഫെബ്രുവരി | ശാസ്ത്ര ക്ലബ്ബ് |

## UP BASIC SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | *പച്ചക്കറിത്തോട്ടം<br>*ജൈവവൈവിധ്യ പാർക്ക് തുടങ്ങിയവയുടെ നിർമ്മാണം.<br>* കണ്ടറിയാൻ ഒരു യാത്ര. | അക്കാദമിക വർഷം | *സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ് | പി ടി എ |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക | * സയൻസ് എക്സ്പോ<br>* സയൻസ് ലാബ് പരമാവധി പ്രയോജനപ്പെടുത്തുക.<br>* സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുക<br>* സ്കൂൾ ലൈബ്രറിയിൽ നിന്നും ശാസ്ത്രപുസ്തകങ്ങൾ കണ്ടെത്തി വായിക്കുക | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.<br>ശാസ്ത്ര വിസ്മയ ചുമർ നിർമ്മാണം<br>ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 -26 മേഖല ഹൈസ്കൂൾ തലം

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കട്ടികളിൽ ഗണിതത്തിനോടുള്ള താല്പര്യം വർദ്ധിപ്പിക്കുക<br><br>ഗണിതക്രിയകളിൽ കൃത്യത ഉറപ്പിക്കൽ | ഗണിത ക്ലബ് ഉദ്ഘാടനം പ്രസിദ്ധരായഗണിത ശാസ്ത്രജ്ഞന്മാരുടെ ലഘുകുറി പ്പ് തയ്യാറാക്കൽ ഗണിത ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ തയ്യാറാക്കു<br><br>കട്ടികളോട് അവനവൻറെ വീട്ടുകളിലെ വരവുചെലവ് കണക്കുകൾ ഉൾക്കൊള്ളിച്ചിട്ടുള്ള ബഡ്ജറ്റ് അവതരിപ്പിക്കൽ | ജൂൺ ജൂലൈ | ഗണിത അധ്യാപകർ | |
| ഗണിതവും വിവരവിനിമയ സാങ്കേതികവിദ്യയും | ജിയോജിബ്ര ഉപയോഗിച്ച് ഗണിതത്തിലുള്ള താല്പര്യം വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഗണിത ക്വിസ് | ആഗസ്റ്റ് | ഗണിത അധ്യാപകർ | |
| നമ്മുടെ ചുറ്റുപാടുകളിലും സംസ്കാരങ്ങളിലും ഉള്ള ഗണിത പാറ്റേണുകൾ തിരിച്ചറിയുക | ഒറിഗാമി ഗണിത പാറ്റേൺ നിർമ്മാണം . | സെപ്റ്റംബർ | ഗണിത അധ്യാപകർ | |
| കട്ടികളുടെ മികച്ച ഭാവനകൾ | ഗണിത മാഗസിൻ നിർമ്മാണം | ഒക്ടോബർ | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 -26 മേഖല ഹൈസ്കൂൾ തലം

## ഗണിതം

| | | | | |
|---|---|---|---|---|
| സംഘബോധം ഉണ്ടാക്കാൻ | കുട്ടികളുടെ രചന ഉൾപ്പെടുത്തി യുള്ള മാഗസിൻ<br><br>കുട്ടികളെ ഗണിത മേളകൾക്ക് തയ്യാറാക്കൽ | നവംബർ | ഗണിത അധ്യാപകർ | |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | ഗണിത രൂപങ്ങളുടെ നിർമ്മാണം | ഡിസംബർ | ഗണിത അധ്യാപകർ | |
| ചുറ്റളവുകൾ പരപ്പളവുകൾ വ്യാപ്തം എന്താണെന്ന് മനസ്സിലാക്കുന്ന പ്രവർത്തനങ്ങൾ | ചുറ്റളവ് പരപ്പളവ് വ്യാപ്തം എന്നിവയെ ചുറ്റുപാടുകളും നിത്യ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി പരിചയപ്പെടുന്നു | ജനുവരി | | |
| കുട്ടികളിൽ ഗണിത പ്രാവീണ്യവും പ്രോബ്ലം സോൾവിങ് കപ്പാസിറ്റിയും വർധിപ്പിക്കുക | കുട്ടികളിൽ ഗണിത പ്രാവീണ്യവും പ്രോബ്ലം സോൾവിങ് കപ്പാസിറ്റിയും വർധിപ്പിക്കുക | ഫെബ്രുവരി | | |

അക്കാദമിക് മാസ്റ്റർ പ്ലാൻ   യുപി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ നേടിയെടുക്കൽ | ഗണിതത്തിലെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ കളിരീതി നമ്പർ കാർഡ് മുത്തുകൾ ഇവ ഉപയോഗിച്ച് | അക്കാദമി കവർഷം | ഗണിതശാസ്ത്ര അധ്യാപകർ | |
| സങ്കലനം വ്യവകലനം ഇവ നേടിയെടുക്കൽ | സംഖ്യകളുടെ കൂട്ടൽ കുറയ്ക്കൽ ഇവ എളുപ്പമാകുവാൻ സങ്കലന പട്ടിക  പാട്ട് രീതിയിൽ പഠിക്കൽ | അക്കാദമിക വർഷം | ഗണിതശാസ്ത്ര അധ്യാപകർ | |
| ഗുണനം ഹരണം ശേഷി മെച്ചപ്പെടുത്തൽ | കുട്ടികളുടെ ജീവിത സാഹചര്യങ്ങളും അനുഭവങ്ങളുമായി ബന്ധപ്പെടുത്തിയുള്ള പ്രശ്നങ്ങളിലൂടെ ക്രിയകൾ പടിക്കൽ | അക്കാദമിക വർഷം | ഗണിതശാസ്ത്ര അധ്യാപകർ | |
| ജാമിതി പരിചയപ്പെടൽ | ഗണിത ശാസ്ത്ര ലാബ് ഉപയോഗപ്പെടുത്തി ജാമിതീയ ഉപകരണങ്ങൾ പരിചയപ്പെടുന്നു | അക്കാദമിക വർഷം | | |
| ഗണിതത്തിൽ കുട്ടികളിൽ താൽപ്പര്യം വളർത്തൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ കൊണ്ട് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഗണിതത്തിൽതാല്പര്യമുണ്ടാക്കു ത്തരീതിയിൽ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ഗണിതശാസ്ത്ര അധ്യാപകർ | പി ടി എ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തൽ | ഐസിടി സാധ്യതകൾ ഉപയോഗിച്ച് ജാമിതി രൂപങ്ങൾ ചതുഷ്കിയകൾ എന്നീ ആശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കൽ | അക്കാദമിക വർഷം | ഗണിതശാസ്ത്ര അധ്യാപകർ | |

IT

## പദ്ധതിസംഗ്രഹം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| *ഐസിടി അധിഷ്ഠിത ക്ലാസ്സ്റൂം മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് അക്കാദമിക നിലവാരം ഉയർത്തുക. | എല്ലാ ക്ലാസ്സ്റൂമുകളേയും ഹൈടെക്ക് ആക്കിമാറ്റുന്നു. | ആദ്യത്തെ ടേം | HM | KITE , PTA | |
| ഐസിടി കൈകാര്യം ചെയ്യുന്നതിന് കുട്ടികളെയും അധ്യാപകരേയും പ്രാപ്തരാക്കുക. | " ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി " യിലെ അംഗങ്ങളെ ഉപയോഗിച്ചുകൊണ്ട് മറ്റ് കുട്ടികൾക്കും ആവശ്യമായ പരിശീലനം നല്കുന്നു. | ആദ്യത്തെ ടേം | SITC | | |
| | കൂടുതൽ കുട്ടികളെ " Little Kite " പദ്ധതിയുടെ ഭാഗമാക്കുന്നു | അധ്യായന വർഷത്തിന്റെ ഇടക്കാലത്തിൽ | SITC | | |
| സോഷ്യൽ മീഡിയയിലെ ചതിക്കുഴികളെക്കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുക. | ഇന്റർനെറ്റിൽ സുരക്ഷിതമായി സെർച്ച് ചെയ്യേണ്ടത് എങ്ങനെയാണെന്ന് പരിശീലിപ്പിക്കുന്നു. | വർഷത്തിൽ 1 | IT Teachers | | |
| | ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 | SITC | | |
| വിഷയാധിഷ്ഠിതമായി ആശയത്രൂപീകരണത്തിന് ഐസിടി പ്രയോജനപ്പെടുത്തുക. | " സമഗ്ര " യിലെ റിസോഴ്സ് ഉപയോഗിക്കുന്നു | പാഠഭാഗത്തിനനുസരിച്ച് | Teachers | | |

# കായിക പരിശീലനം

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളുടേയും കായികക്ഷമത വികസിപ്പിക്കുക
- കായിക പരിശീലനത്തിലൂടെ കുട്ടികളെ മാനസിക ശാരീരിക ആരോഗ്യമുള്ളവരാക്കി മാറ്റുക
- കുട്ടികളിൽ ഏകാഗ്രതയും ബൗദ്ധികമായ ഉണർവ്വും ഉളവാക്കുക.

## പ്രവർത്തനങ്ങൾ

1. രാവിലെയും വൈകുന്നേരവും 1/2 മണിക്കൂർ കായികപരിശീലനം നല്കുന്നു.
2. യോഗ പരിശീലനം - ആഴ്ചയിൽ 3 ദിവസം പ്രത്യേക അധ്യാപകനെ ഉപയോഗിച്ചുകൊണ്ട് നടത്തുന്നു.
3. എയ്റോബിക്സ് പരിശീലനം
   - ✔ പെൺകുട്ടികൾക്ക് വൈകുന്നേരം എയ്റോബിക്സ് പരിശീലനം നല്കുന്നു. ലഘുഭക്ഷണം പിറ്റിഎ യുടെ സഹായത്തോടെ ലഭ്യമാക്കുന്നു.

## ലക്ഷ്യം

- കായികക്ഷമതയുള്ള കുട്ടികളെ കണ്ടെത്തി പരിപോഷിപ്പിച്ച് കഴിവുകളെ പൂർണ്ണതയിൽ എത്തിക്കുക.

## പ്രവർത്തനങ്ങൾ

1. കായിക ഇനങ്ങളിലെ അഭിരുചിക്കനുസരിച്ച് കുട്ടികളെ തരംതിരിക്കുന്നു.
2. വ്യത്യസ്ത കായിക ഇനങ്ങളിൽ അഭിരുചിയുള്ള കുട്ടികൾക്കായി പ്രത്യേക പരിശീലനം

നല്കുന്നു. കുട്ടികളെ അവരുടെ താത്പര്യത്തിന് അനുസരിച്ച് തരംതിരിച്ച് Cricket, Shuttle, Batminton, Volleyball, Kho-Kho, Kabaddi, Table Tennis, Chess എന്നിവയിൽ എല്ലാ ദിവസവും വൈകുന്നേരം ഒരു മണിക്കൂർ പരിശീലനം നല്കുന്നു.

3. വിവിധ ഇനങ്ങളിൽ പ്രാഗത്ഭ്യം നേടിയവരെ ഉപയോഗിച്ചുകൊണ്ട് പ്രത്യേക പരിശീലനം നൽകുന്നു.

## പദ്ധതിസംഗ്രഹം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| എല്ലാ കുട്ടികളുടെയും കായികക്ഷമത വികസിപ്പിക്കുക. | രാവിലെയും വൈകുന്നേരവും കായികപരിശീലനം. | ഒരു വർഷം | PET | PTA | |
| കായികപരിശീലനത്തിലൂടെ കുട്ടികളെ മാനസ്സിക ആരോഗ്യം ഉള്ളവരാക്കി മാറ്റുക. | യോഗപരിശീലനം. | 3 മാസം | PET | PTA | |
| | എയ്റോബിക്സ് പരിശീലനം | 3 മാസം | PET | PTA | |
| കായികക്ഷമതയുള്ള കുട്ടികളെ കണ്ടെത്തി കഴിവുകളെ പൂർണ്ണമായി വികസിപ്പിക്കുക | അഭിരുചിക്കനുസരിച്ച് കുട്ടികളെ തരംതിരിക്കാം. | ഒരു മാസം | PET | SMC / PTA | |
| | വ്യത്യസ്ത ഇനങ്ങളിൽ പ്രത്യേക പരിശീലനം നല്കുന്നു. | ഒരു വർഷം | PET | SMC / PTA | |
| | വിവിധ ഇനങ്ങളിൽ പ്രഗത്ഭരായവരുടെ സഹായത്തോടെ പ്രത്യേക പരിശീലനം. | ഒരു വർഷം | PET | SMC / PTA | |

# കല - പ്രവൃത്തിപരിചയം

## മേഖല

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പോഷിപ്പിക്കൽ.

## ലക്ഷ്യങ്ങൾ

→ കുട്ടികളുടെ സർഗ്ഗാത്മകമായ വൈഭവങ്ങൾ കണ്ടെത്തുക.

→ വൈഭവങ്ങൾക്കനുസരിച്ച് തരംതിരിച്ച് വൈഭവങ്ങളെ പരിപോഷിപ്പിക്കുക.

→ പ്രവൃത്തിപരിചയ പരിശീലനം നല്കുക.

## പ്രവർത്തനങ്ങൾ

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തി തരം തിരിക്കുന്നു.

   ✔ സംഗീതം, നൃത്തം, ചിത്രകല, കരകൗശലവസ്തുക്കളുടെ നിർമ്മാണം, വാദ്യോപകരണങ്ങളിലെ താത്പര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കുന്നു.

2. കുട്ടികളുടെ താത്പര്യമനുസരിച്ച് ശനിയാഴ്ചകളിൽ പ്രത്യേക ക്ലാസ്സ് സജ്ജമാക്കുന്നു.

3. ചിത്രരചനാശില്പശാല.

   ✔ ചിത്രരചനയിൽ പ്രാവീണ്യം ഉള്ളവർക്കായി അവധിദിവസങ്ങളിൽ

ദിവസത്തെ പരിശീലനം നല്കുന്നു.

4. ചോക്കനിർമ്മാണം, സോപ്പുനിർമ്മാണം, പേപ്പർ ക്രാഫ്റ്റ്, ബുക്ക് ബൈൻഡിംഗ്, ഫയൽ ബോർഡ് , കോക്കനട്ട് ഷെൽ പ്രോഡക്ട് ഇവയിലൊക്കെ സ്പെഷ്യൽ അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം നല്കുന്നു.

- ✔ വൈകുന്നേരം 3.30 മുതൽ 4.30 വരെ താത്പര്യമുള്ള എല്ലാ ക്ലാസ്സിലെ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് പരിശീലനം നല്കുന്നു.

## പദ്ധതിസംഗ്രഹം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| | കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തി തരംതിരിക്കുന്നു | ഒരു മാസം | Class Teacher | | |
| കുട്ടികളുടെ സർഗ്ഗാത്മകമായ വൈഭവങ്ങൾ കണ്ടെത്തുക. | കുട്ടികളുടെ താത്പര്യമനുസരിച്ച് ശനിയാഴ്ചകളിൽ പ്രത്യേക ക്ലാസ്സ് സജ്ജമാക്കുന്നു. | മാസത്തിൽ ഒരു ദിവസം | Special Teacher | | |
| | ചിത്രരചനാശില്പശാല. | 5 ദിവസം | Special Teacher | SMC, PTA | |
| വൈഭവങ്ങൾക്കനുസരിച്ച് തരംതിരിച്ച് വൈഭവങ്ങളെ പരിപോഷിപ്പിക്കുക<br>പ്രവൃത്തിപരിചയ പരിശീലനം നല്കുക. | ചോക്കനിർമ്മാണം, സോപ്പുനിർമ്മാണം, പേപ്പർ ക്രാഫ്റ്റ്, ബുക്ക് ബൈൻഡിംഗ്, ഫയൽ ബോർഡ് , കോക്കനട്ട് ഷെൽ പ്രോഡക്ട് ഇടങ്ങിയവയിൽ സ്പെഷ്യൽ അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം നല്കുന്നു. | മാസത്തിൽ 2 ദിവസം | Special Teacher | PTA | |

# ഭിന്നശേഷി വിദ്യാർത്ഥികളുടെ വികസനം

## ലക്ഷ്യങ്ങൾ

- ➔ ഭിന്നശേഷി വിദ്യാർത്ഥികളുടെ ശാരീരിക പഠന പരിമിതികളെ മറികടന്ന് മുന്നേറുവാൻ പ്രാപ്തരാക്കുക.
- ➔ സവിശേഷ കഴിവുകളെ പ്രോത്സാഹിപ്പിക്കുക.
- ➔ പഠനം ആകർഷകവും ആസ്വാദ്യപരവുമാക്കുക.

## പ്രവർത്തനങ്ങൾ

1. രക്ഷിതാക്കൾക്ക് ബോധവത്ക്കരണം നല്കുന്നു.
2. ഭിന്നശേഷി വിദ്യാർത്ഥികളെ Visual Learners , Auditory Learners, Creative Learners എന്നിങ്ങനെ തരംതിരിച്ച് പിന്തുണ നല്കുക.
3. Creative Learner - നായി ശാസ്ത്രപരീക്ഷണങ്ങൾ, ഫീൽഡ്ട്രിപ്പ് എന്നിവ സംഘടിപ്പിക്കുന്നു.
4. ശാരീരിക പരിമിതി ഉള്ള കുട്ടികളെ വീട്ടിൽ ചെന്ന് പഠിപ്പിക്കുന്നതിന് അവസരം കണ്ടെത്തും .
5. ഏകദിന പഠനോത്സവം
   - ✔ ഭിന്നശേഷിക്കാരായ എല്ലാ വിദ്യാർത്ഥികളെയും സംഘടിപ്പിച്ചുകൊണ്ട് ഒരു ദിവസത്തെ പഠനോത്സവം സംഘടിപ്പിക്കുന്നു.

6. തൊഴിൽ പരിശീലന ശില്പശാല

- ✔ കുട്ടികളെയും രക്ഷിതാക്കളേയും സംഘടിപ്പിച്ചുകൊണ്ട് സോപ്പ്നിർമ്മാണം, ലോഷൻ നിർമ്മാണം , ചോക്ക നിർമ്മാണം തുടങ്ങിയവ പരിശീലിപ്പിക്കുന്നു.

7. കലാകായിക പ്രവർത്തനങ്ങളിൽ പങ്കാളിത്തം നൽകുന്നു.

## പദ്ധതിസംഗ്രഹം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഭിന്നശേഷി വിദ്യാർത്ഥികളുടെ ശാരീരിക പഠനപരിമിതികളെ മറികടന്ന് മുന്നേറുവാൻ പ്രാപ്തരാക്കുക. | രക്ഷിതാക്കൾക്ക് ബോധവത്ക്കരണം നൽകുന്നു. | ആദ്യത്തെ ഒരു മാസത്തിനകം | റിസോഴ്സ് ടീച്ചർ | RMSA | |
| | ഭിന്നശേഷി വിദ്യാർത്ഥികളെ Visual Learners, Auditory Learners,Creative Learners എന്നിങ്ങനെ തരംതിരിച്ച് പിന്തുണ നൽകുക. | ഒരു വർഷം | റിസോഴ്സ് ടീച്ചർ | RMSA | |
| സവിശേഷ കഴിവുകളെ പ്രോത്സാഹിപ്പിക്കുക. | Creative Learner – നായി ശാസ്ത്രപരീക്ഷണങ്ങൾ , ഫീൽഡ്ട്രിപ്പ് എന്നിവ സംഘടിപ്പിക്കുന്നു. | ഒരു വർഷം | റിസോഴ്സ് ടീച്ചർ | RMSA | |
| | ശാരീരികപരിമിതിയുള്ള കുട്ടികളുടെ വീട് സന്ദർശിച്ച് പഠനപിന്തുണ നല്കുന്നു. | മാസത്തിൽ ഒരു തവണ | റിസോഴ്സ് ടീച്ചർ | RMSA | |
| പഠനം ആകർഷകവും ആസ്വാദ്യകരവുമാക്കുക. | ഏകദിന പഠനോത്സവം | വർഷത്തിൽ ഒന്ന് | റിസോഴ്സ് ടീച്ചർ | RMSA | |
| | തൊഴിൽ പരിശീലന ശില്പശാല | വർഷത്തിൽ രണ്ട് | റിസോഴ്സ് ടീച്ചർ | RMSA | |
| | കലാകായിക പ്രവർത്തനങ്ങളിൽ പങ്കാളിത്തം നൽകുന്നു. | | റിസോഴ്സ് ടീച്ചർ | RMSA | |

# പ്രതീക്ഷിത നേട്ടങ്ങൾ

- ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള എല്ലാ കുട്ടികളും പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടുന്നു.
- മതനിരപേക്ഷ ജനാധിപത്യസംസ്കാരം സൃഷ്ടിക്കപ്പെടും.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തിയെടുക്കും.
- പാരിസ്ഥിതിക അവബോധം , സാമൂഹിക അവബോധം , വിമർശന അവബോധം , ശാസ്ത്രാവബോധം മുതലായവ വളർത്തിയെടുക്കും.
- മലയാള ഭാഷയോടൊപ്പം ഇംഗ്ലീഷ് , ഹിന്ദി എന്നീ ഭാഷകളിലും ഉയർന്ന ശേഷികൾ കൈവരിക്കും.
- കലാകായിക പ്രവൃത്തിപരിചയ മേഖലകളിലെ കഴിവുകൾ വികസിപ്പിക്കും.
- ഭിന്നശേഷിക്കാരെ സമൂഹത്തിൽ ജീവിക്കാൻ പ്രാപ്തരാക്കും.
- മികച്ച ശാരീരിക – മാനസിക – വൈകാരിക ആരോഗ്യം ഉറപ്പാക്കും.
- വിദ്യാലയ പ്രവർത്തനങ്ങൾക്ക് ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തും.

# മോണിറ്ററിംഗ്

## ദൈനംദിന മോണിറ്ററിംഗ്

ഹെഡ്മാസ്റ്റർ, എസ് ആർ ജി കൺവീനർ , സീനിയർ അസിസ്റ്റന്റ് എന്നിവരുടെ നേതൃത്വത്തിൽ ദൈനംദിന മോണിറ്ററിംഗ് നടത്താം. സമിതി ദൈനംദിന അക്കാദമിക പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നു.

## സ്കൂൾതല മോണിറ്ററിംഗ്

ഹെഡ്മാസ്റ്റർ, എസ് ആർ ജി കൺവീനർ, സീനിയർ അസിസ്റ്റന്റ്, പിറ്റിഎ പ്രസിഡന്റ് , എം പി റ്റി എ, എസ് എം സി, എസ് എം ഡി സി ചെയർമാൻമാർ എന്നിവർ അടങ്ങുന്ന സമിതി മാസത്തിൽ ഒരു തവണ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ എല്ലാ അധ്യാപകർക്കും ലഭ്യമാക്കുന്നു.

- എസ് ആർ ജി യിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്ത് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- ഓരോ മാസവും വിദ്യാലയം കൈവരിച്ച മികവുകൾ ഹെഡ്മാസ്റ്റർ യോഗത്തിൽ അവതരിപ്പിക്കുന്നു.
- മാർച്ച് മാസത്തിൽ സ്കൂൾ വാർഷികപൊതുയോഗം സംഘടിപ്പിച്ച് ഒരു വർഷത്തെ അക്കാദമികരംഗത്തെ നേട്ടങ്ങൾ വിശകലനം ചെയ്യുന്നു.

# ഉപസംഹാരം

പൊതുവിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം , തുല്യ അവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ഉറപ്പാക്കുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രധാന ലക്ഷ്യം. നാടിന്റെ നന്മയെന്ന് അംഗീകരിക്കപ്പെട്ട മതനിരപേക്ഷ നിലപാടും ബഹുസ്വരതയെ ഉൾക്കൊള്ളുന്ന മനോഭാവവും , സഹിഷ്ണുതയും കൂട്ടായി പ്രവർത്തിക്കുന്നതിനുള്ള മനോഭാവവും വളർന്നുവരേണ്ടത് പൊതുവിദ്യാലയങ്ങളിലൂടെയാണ്. കൂടാതെ ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിന് അനുസൃതമായി ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കേണ്ടതുണ്ട്.അക്കാദമിക ആസൂത്രണത്തിലൂടെ മാത്രമേ ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് പഠനമുന്നേറ്റത്തിന്റെ അവസരങ്ങൾ ഉണ്ടാക്കാൻ കഴിയുകയുള്ളൂ. ഇതു മനസ്സിലാക്കി പൊതുവായ അക്കാദമിക ലക്ഷ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് അതിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടി രൂപപ്പെടുത്തിയ മാർഗ്ഗരേഖയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. നമ്മുടെ വിദ്യാലയത്തിന്റെ നന്മയും പൈതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.